
ഇ.എം.എസ്.ഗവ.ഹയർസെക്കണ്ടറി സ്കൂൾ

പെരുമണ്ണ, കോഴിക്കോട്

# കിനാവുകൾ ചിറകിടുമ്പോൾ



# Editorial Desk

ചീഫ് എഡിറ്റർ
സലോമി അഗസ്റ്റിൻ
(ഹെഡ് മിസ്ട്രസ്സ്)



സ്റ്റാഫ് എഡിറ്റർ
ജയരാജ് കെ
സൽമ ടി.പി

സ്റ്റുഡന്റ് എഡിറ്ററ

ജഗദ് ജിത്ത്.യു

സ്റ്റാഫ് അഡൈ്വസർ
രാജേഷ്.ആർ
സുധീഷ് എം.സി
ഷെറീന. കെ

അംഗങ്ങൾ
ഋത്വിക്ക് ഗോപാൽ.ഇ.എം
അജ്മൽ.കെ.കെ
അഭിനവ്.എം.എം
അമേഷ്.കെ്







പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്ലാസ് മുറികൾ പൂർണമായും ഹൈടെക്ക് ആയി മാറിയിരിക്കുന്നു.
വിവര വിനിമയ സാങ്കേതിക വിദ്യ അതിദ്രുതം വികസിച്ചു കൊണ്ടിരിക്കുമ്പോൾ കാലത്തിനൊപ്പം നീങ്ങാൻ നമ്മളും സജ്ജമായിരിക്കുന്നു.അതിന്റെ നേർസാക്ഷ്യമാണ് സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന കിനാവുകൾ ചിറകേറുമ്പോൾ എന്ന ഈ ഡിജിറ്റൽ മാസിക വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സംരംഭത്തിനുകഴിയട്ടെ,
മാഗസിനും അണിയറ പ്രവർത്തകർക്കും എല്ലാ ഭാവുകങ്ങളും നേരുന്നു.

**സലോമി അഗസ്റ്റിൻ**
**ഹെഡ് മിസ്ട്രസ്സ്**

അക്ഷരങ്ങളും വാക്കുകളും പ്രതീതി യാഥാർത്ഥ്യത്തിലേക്ക് കൂടുമാറുമ്പോൾ ആവിഷ്ക്കാരപ്രതലങ്ങൾ തീർച്ചയായും സൈബറിടങ്ങൾ തന്നെയാണ്.
ചിറക് മുളക്കുന്നകുഞ്ഞുങ്ങൾക്ക് അതിനായൊരാകാശം വിടർത്തുന്ന ലിറ്റിൽകൈറ്റും അതിന്റെ തേരാളികളും തീർച്ചയായും അഭിനന്ദനമർഹിക്കുന്നു. ഒരു തേരോട്ടത്തിന്റെ ആദ്യ കുതിപ്പിന് എല്ലാവിധ മംഗളങ്ങളും



എൻ മുരളീധരൻ
പ്രിൻസിപ്പാൾ





രാമകൃഷ്ണൻ മല്ലിശ്ശേരി
പി.ടി.എ പ്രസിഡണ്ട്

ന്റെ തനത് പ്രവർത്തനവുമായി മുന്നേറുകയാണ്.

സാധാരണക്കാരിൽ സാധാരണക്കാരുടെ കുട്ടികൾ ഏറെയും പഠിക്കുന്ന ഇ.എം.എസ് ഹൈസ്കൂളിലെ കുട്ടികളുടെ മുന്നേറ്റത്തിനും സ്കൂളിന്റെ കുതിപ്പിനും സ്കൂൾ ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന പ്രഥമ ഡിജിറ്റൽ മാഗസിന് കഴിയട്ടെ എന്ന് ആത്മാർഥമായി ആഗ്രഹിച്ചുകൊണ്ട് ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും മാഗസിനും ആശംസകൾ നേരുന്നു.



## മുഖക്കുറി

കാലം ആവശ്യപ്പെടുന്ന ആവിഷ്ക്കാരരീതീകളിലേക്ക്
പുതിയതലമുറയെ കൈ പിടിച്ച് നയിക്കേണ്ടത്
വിദ്യാലയങ്ങൾ തന്നെയാണ് സൈബർലോകത്തിന്റെ
അനന്തവൈചിത്ര്യങ്ങളിലേക്ക് തുറക്കുന്ന വാതിലാണ്
ലിറ്റിൽകൈററ് എന്ന ഐ ടി കൂട്ടായ്മ.ആ അപാരതയുടെ
ലോകത്ത് പിച്ചവെച്ച് തുടങ്ങിയ ഇ എം
എസ്.ഗവ.ഹയർസെക്കന്റെറിസ്ക്കൂളിലെ
ലിറ്റിൽകൈറ്റ്സിലെ നക്ഷത്രങ്ങളുടെ
തിളക്കശ്രമങ്ങളാണിതിൽ ചേർത്തുവെക്കുന്നത്.വാക്കുകളും
വർണങ്ങളും ലയിപ്പിക്കാനുള്ള ഈ പ്ര.യത്നത്തെ
സ്വീകരിക്കുക

പ്രണാമം



# താളുകളിൽ


ഇനിയും നമുക്ക് ഗാന്ധിജിയെ ആവശ്യമുണ്ടോ

അമ്മയെന്ന രണ്ടക്ഷരം

when it rains again

കലാലയം

കറുപ്പിലൂടെ ജീവിച്ച വെളുപ്പ്

കാലചക്രം

കൊഴിഞ്ഞ് പോകുന്ന സ്വപ്നങ്ങൾ

നിലയ്ക്കാത്ത പെയ്ത്ത്

പ്രണയമാണ് അമ്മെ നിന്നോട്

പ്രളയം പഠിപ്പിക്കുന്ന പാഠം

പ്രളയം വരച്ചിട്ടത്

മാതൃ ഭാഷ

വീണ്ടും പൂക്കുന്ന നീലക്കുറിഞ്ഞി


സൗഹൃദം

പറയാതെ

# ഗാന്ധിജിയെ നമുക്ക് ആവശ്യമുണ്ടോ...

നമ്മുടെ ഇന്ത്യാ മഹാരാജ്യം സ്വാതന്ത്ര്യത്തിന്റെ 73ാം വാർഷികത്തിലേക്കടുക്കുമ്പോൾ നമ്മൾ സ്വയം ചോദിക്കേണ്ടതുണ്ട്. ഒന്നുകൂടി നമുക്ക് ഗന്ധിജിയെ ആവശ്യമുണ്ടോ? രണ്ടാമതൊന്നാലോചിക്കാതെ ഒറ്റവാക്കിൽ നാം പറഞ്ഞേക്കാം "ഇല്ല" ഈ ആധുനിക കമ്പ്യൂട്ടർ യുഗത്തിൽ ഗാന്ധിജിയുടെ ചർക്കയും വസ്ത്രശൈലിയും നമുക്ക് ആവശ്യമുണ്ടോ?. ഇല്ലായിരിക്കാം, പക്ഷെ ആ വ്യക്തിയുടെ സാന്നിധ്യം ഇന്ന് പല കാര്യങ്ങൾക്കും നമുക്ക് ആവശ്യമാണ്. 1947 ൽ സ്വാതന്ത്ര്യം കിട്ടിയ ഇന്ത്യയും ഇപ്പോഴത്തെ ഇന്ത്യയും തമ്മിൽ ചെറിയ ചെറിയ വ്യത്യാസങ്ങളേ ഉള്ളൂ. ഇന്ന് നമ്മുടെ ഇന്ത്യക്ക് വലിയ ഒരു നീതി പീഠം ഉണ്ട്. പക്ഷെ എല്ലാവർക്കും ഒരേ പോലെയുള്ള നീതി ലഭ്യമാക്കാൻ ഇപ്പോഴും കഴിയുന്നില്ല. പല സന്ദർഭങ്ങളിലും നാം കാണുന്നത് സ്വാധീനമുള്ളവന് ഒരു നീതിയും ഇല്ലാത്തവന് മറ്റൊരു നീതിയുമാണ്. ജനാധിപത്യ ഇന്ത്യ എന്ന് വലിയ ഖ്യാതിയുള്ള ഇന്ത്യയിൽ പലതും പ്രമുഖർ തീരുമാനിക്കുന്നു. ഇതിനെതിരെ പോരാടാൻ ഗാന്ധിജിയെ നമുക്കാവശ്യമാണ്.

8



ഒരു പാർട്ടിയുടേയും ലേബലില്ല ഗാന്ധിജി സമരം ചെയ്തത്.മനുഷ്യൻ എന്ന ഒറ്റ ലാബലിലാണ്, ആ പരിഗണനയിലാണ്. ഗാന്ധിജിയുടെ ഏറ്റവും വലിയ സമരമുറയായിരുന്ന അഹിംസാ പ്രസ്ഥാനം. ഇന്നത് നേർ വിപരീതമായി അക്രമമായി മാറിയിരിക്കുന്നു. ഓരോ പാർട്ടിയും തമ്മിൽ തല്ലി ജനജീവിതം സതംഭിപ്പിക്കുമ്പോൾ മനുഷ്യൻ എന്ന ജാതി അവരുടെ മുമ്പിൽ തോറ്റുപോകുകയാണ്.

നമുക്ക് സ്വാതന്ത്ര്യം തന്ന മുറയിലൂടെ ഏത് പ്രതിഷേധവും നമുക്ക് വിജയിപ്പിക്കാമെന്നിരിക്കെ പാർട്ടികൾ അക്രമമുറയെടുക്കുന്നത് അവരുടെ രാഷ്ട്രീയ പകപോക്കലിനെയാണ്. നൂറുപേരുടെ അംഗബലപോലുമില്ലാത്ത രാഷ്ട്രീയ പാർട്ടികൾ ഹർത്താൽ നടത്തി വിജയിപ്പിക്കുന്നുണ്ടെങ്കിൽ അത് ജനങ്ങളുടെ തോൽവിയാണ്.ഇതിനെതിരെ പ്രവർത്തിക്കാൻ ഗാന്ധിജി വേണം. മതേതര രാഷ്ട്രം എന്ന് നാം അലങ്കാരത്തോടെ പറഞ്ഞുനടക്കുന്ന ഇന്ത്യയിൽ ജാതിയുടെ പേരു പറഞ്ഞ് തമ്മിൽ തല്ലാണ്. സ്വാതന്ത്ര്യം കിട്ടി 72 കൊല്ലം കഴിഞ്ഞിട്ടും തീണ്ടലും ചാതുർവർണ്യവും പണ്ടത്തെപോലെ ഇപ്പോഴും ഉണ്ട്. മനുഷ്യന്റെ ജീവിത സൗകര്യങ്ങൾ മാത്രമേ മെച്ചപ്പെട്ടിട്ടുള്ളൂ. ജാതിയുടെ പേരിൽ ഭിന്നിച്ചു പോയ നമ്മളെ ഒന്നിപ്പിക്കാനും ഗാന്ധിജി എന്ന വ്യക്തിയുടെ സാന്നിധ്യം അനിവാര്യമാണ്. അടിച്ചമർത്തപ്പെട്ട സമുദായങ്ങൾക്കും പാവപ്പെട്ട

ജനങ്ങൾക്കും വേണ്ടി 3ാം സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം കൊടുക്കാൻ ഗാന്ധിജി എന്ന മഹത് പുരുഷൻ അനിവാര്യമാണ്.

റാഷിദ്.സി.എം 9.എ



9

# We are different from others













# അമ്മയെന്ന രണ്ടക്ഷരം



മാനത്തുദിച്ചുള്ള അമ്പിളി
പോലയാണെന്നുമെനിക്കെന്നമ്മ.
ഇരുട്ടിൽ വെളിച്ചം പരത്തീടുന്നു
സ്നേഹത്തിൻ തീത്താലെന്നിൽ
അടുത്തിടുന്നു നിത്യവുമെന്നമ്മ.
സ്നേഹത്തിൻ മടിത്തട്ടാണെന്നമ്മ
വാത്സല്യത്തിൻ പൂമരവീണെന്നമ്മ
ഈശ്വരൻ തന്നവരദാനമെന്നമ്മ
കൺകുളിർക്കെ കണ്ടാലും
 മതിയാവില്ലായയാപൂമരത്തെ
അമ്മയെന്ന കടലിൽ തിരതല്ലും
സ്നേഹത്തിൻ തിരമാലപോലെ
രാപ്പകലില്ലാതെ ജീവിതംപോലും
എനിക്കായിനൽകിയ പുണ്യമാണെന്നമ്മ
അമ്മയെന്ന രണ്ടക്ഷരം തിളങ്ങീടു-
മെന്നും ഒരായിരം നക്ഷത്രങ്ങളായ് വിണ്ണിൽ


ഖദീജ ഹന്നത്ത്
9th.B




# WHEN IT RAINS AGAIN

When it rains comes again the fields filled with water
when it rains stronger the fields were destroyed
miseries and difficulties came with stronger
'oh my god please help me'
when it rains again, around many houses

the houses were filled with water
now the houses are just like an island
' oh my god please help me



now we are affected by flood
now we are miseries
'oh my god please help me'
oh flood oh flood

you destroy my dreams
you destroy my thoughts
I know it is your revenge

oh nature please help us
please forgive us
I know you didn't ;because
we are the one who is destroying you
we will not repeat it again

oh god please forgive us
we know that these all are your experiment
please don't examine us

the nature the god
they are the one who stole
our dreams our thoughts and our joy
I know that they stole these for a varied reason
the reason is the man

the selfish and the worst character of the man is the reason
he is the main protagonist for this
man do not understand our difficulties
now they understanded

now the nature and god were overcome with delight
few years before we are the heroes in front of the god and nature
but when they can't put up with it  they punished us
now we are the zeroes in front of the god and the nature





# കലാലയം

സുന്ദരമാം കലാലയ ജീവിതം
സുന്ദരമാക്കി തീർത്ത ഓർമകൾ
എൻ മനസ്സിൽ ഓർമകൾതൻ
തിരമാലതൻ അടിച്ച കയറുമ്പോൾ
ആഗ്രഹിച്ച പോകുന്നു ഞാൻ
ആ ഇന്നലെകൾ തിരിച്ച വന്നെങ്കിൽ,

ഒരുപാട് തെറ്റുകൾ ചെയ്തുവെങ്കിലും
എന്നാലും വെറുത്തീടരുതൊരിക്കലും
സ്നേഹിക്കാൻ നിങ്ങളെന്നെ പഠിപ്പിച്ച നേരം
മനപാഠമാക്കി ഞാനെന്നെന്നേക്കും
മറക്കാനും വെറുക്കാനും
നിങ്ങളെന്തേ പഠിപ്പിച്ചില്ല ?

ഒരു വിളിപ്പാടകലെ ഞാനുണ്ടായിട്ടും

കാണാതെ പോയ് മറയുന്നു
എന്നാലും ദേഷ്യമോ വെറുപ്പോ
ഈ മനസ്സിലില്ല അൽപം പോലും

ഇനിയും തുടിക്കുന്ന ഈ ഹൃദയം
നിങ്ങളെ സ്നേഹത്തിനായി കാത്തിരിക്കും
സൗഹൃദത്തിന് മരണമില്ലയെന്ന സത്യം
എന്നെ പഠിപ്പിച്ച കലാലയം

സഫ്ന. എ .എം
9 ബി

## <u>കറുപ്പിലൂടെ</u>

## <u>ജീവിച്ച</u>

## <u>വെളുപ്പ്</u>


*വെളുപ്പിനെ മാത്രം സ്നേഹിച്ചിരുന്ന ഒരാളുടെ കഥയാണിത്. അയാളുടെ ജീവിതത്തിൽ അയാളെ സഹായിച്ചത് കറുപ്പായിരുന്നു. ഒരിക്കൽ രാജു എന്ന വെളുപ്പിനെ മാത്രം സ്നേഹിക്കുന്ന മനുഷ്യൻ ഫോണിലൂടെ ഒരാളുമായിചങ്ങാത്തത്തിലാവുകയും ഒരിക്കൽ അയാളെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. അങ്ങിനെ കൂട്ടുകാരൻ രാജുവിന്റെ വീട്ടിലെത്തുകയാണ്. എന്നാൽ അയാൾ കറുത്ത് മെലിഞ്ഞ് തികച്ചും ക്ഷീണിതനായിരുന്നു. രാജു അയാളെ വല്ലാതെ വെറുക്കുകയും തന്റെ വീട്ടിൽ*

നിന്നും ഇറക്കി വിട്ടുകയും ചെയ്തു.

രണ്ടാഴ്ച്ചക്കഴിഞ്ഞ് രാജു പുറത്തു പോയിവരുമ്പോൾ ഒരപകടം പറ്റി. ചീറി പാഞ്ഞു വന്ന വാഹനം അയാളെ ഇടിച്ചിട്ടു. വെളുത്ത രാജുവിന്റെ ദേഹമാകെ ചുവന്ന ചോരയായി. ആരും രക്ഷിക്കാൻ തയ്യാറായില്ല. പെട്ടെന്ന് രണ്ടുകൈകൾ അദ്ദേഹത്തെ രക്ഷിച്ചു. അയാളുടെ മുഖത്തേക്ക് ആശുപത്രിയിൽ രോഗാവസ്ഥയിൽ കിടക്കുന്ന രാജു നന്ദിയോടെ നോക്കി. അപ്പോഴാണ് രാജു തിരിച്ചറിഞ്ഞത്. അത് താൻ നിറത്തിന്റെ പേരിൽ ഇറക്കിവിട്ട കൂട്ടുകാരനാണെന്ന്.

അതിൽപ്പിന്നെ അയാൾ എല്ലാവരെയും ഒരുപോലെ സ്നേഹിച്ചു.











# C V RAMAN Day 1888-1970

This issue Focus on the life and contributions of sir CV Raman who was an Indian physicist and a noble prize winner from south India. Students have to study about him in various classes and in various subjects. In STD IX English. a letter titled 'A letter from an uncle's is included. Now read about him.

Know about sir CV Raman

Sir chandrasekhara venkata Raman (7 November 1888-21 November 1970) was an Indian physicist from Tamil Nadu the carried out ground breaking work in the field of light scattering which earned him the 1930 Nobel prize for physics. He discovered that when light traverses a transparent material , some of the deflected light changes

wavelength . This phenomenon , subsequently known as Raman scattering ,results from the raman effects . In 1954 India honoured him with its highest civilian award, the Bharat Ratna.

He was honoured with a large number of honorary doctorates and memberships of scientific societies. He was elected a fellow of the royal society in 1929. in 1941 he was awarded the Bharat Ratna. He was awarded the Lenin peace prize in 1957. I*n 1998*, the American chemical society and Indian association for the cultivation of science, recognised Raman's discovery as an international Historic chemical landmark.



***അനാമിക. കെ 9-സി***

## <u>കാലചക്രം</u>

*മാതൃത്വമെന്തെന്ന് തെല്ലൊന്നുമറിയാതെ*
*വിരഹത്തിൽ വേദനയതുള്ളിൽ നീറി*
*അറിയവേ ഞാനാ വിദൂര സത്യം*
*മറഞ്ഞുവോ കാലത്തിൻ ദിവ്യപ്രകാശം.*

*അടയ്ക്കുവാൻ വിമ്മിഷ്ടമാക്കണ്ണുകൾ അടഞ്ഞ്*
*മരവിച്ചകൈകളതുള്ളിൽ ഒതുക്കി*
*മധുരം നുകരാൻ പിളർന്ന ചുണ്ടിൽ*
*ദർശിപ്പൂ മരണമെന്നവിശ്വവിജയി.*
*തളം കെട്ടിനിൽപ്പൂ സങ്കടമെന്നുള്ളിൽ*
*ഒതുക്കുവാനാകാതെ വിതുമ്പിയെൻ ഉള്ളം*

*തൽഫലമെന്നോണം ഒഴുകി മിഴിനീർ*
*അനന്തം അനന്തം ധാരധാരയായി.*

*എടുക്കുമോ ദൈവം നമ്മതൻ ജീവൻ*
*മറക്കുവാനേറെ പണിപ്പെടുമ്പോൾ*
*ജനിക്കുമോ പുനർജന്മം ഭൂമിതൻ മാറിൽ*
*വരും കാലത്തിൻ ശുഭപ്രതീക്ഷയായ്*

**ഋത്വിക് ഗോപാൽ ഇ.എം**
**9 ബി**



# കൊഴിഞ്ഞ് പോകുന്ന സ്വപ്നങ്ങൾ



*വെളിച്ചത്തിന്റെ പ്രകാശരശ്മി അസ്തമയത്തിലേക്ക് ചാഞ്ഞു. രാത്രിയുടെ വെളിച്ചങ്ങൾ മിന്നിതുടങ്ങി. അകലെയെവിടെയോ പച്ചപൂശി പുഞ്ചിരിച്ചു നിൽക്കുന്ന വൃക്ഷം. അതിന്റെ ഇലകൾ പച്ചനിറം കൊടുത്തതുപോലെ മിന്നിനിൽക്കുന്നു. ഇടയ്ക്ക് എവിടെയോ പലനിറത്തിലുള്ള പൂക്കൾ എന്തു മനോഹരം. 'മോളെ'.......അയ്യോ അമ്മ വിളിക്കുന്നു. എന്റെ സ്വപ്നം പാതിവഴിയാക്കി ഞാൻ അമ്മയുടെ അട്ടത്തേക്ക് ഓടി. എന്താഅമ്മേ എന്നെ വിളിച്ചത്. പുതിയ പുതിയ വൃക്ഷങ്ങളെയും ഭൂമിയുടെ മനോഹാരിതയെപറ്റിയും സ്വപ്നം കാണുന്ന എന്നെ 'ആ' സ്വപ്നലോകത്തിൽ നിന്ന് വഴിതടഞ്ഞുനിർത്തിയത്. 'ഓ'....... നിന്റെയൊരു പ്രകൃതിസ്നേഹം ഈ സ്വപ്നങ്ങളൊക്കെ അവിടെ നിർത്തി വല്ലതും പഠിച്ചൂടെ നിനക്ക്. 'ഹും'...... പ്രകൃതിയെപറ്റിയും പ്രകൃതിയിൽ*

ജിലിക്കുന്ന മനോഹരവസ്തുക്കളെ പറ്റിയും അറിയാൻ ശ്രമിക്കാത്ത അമ്മയായിപോയല്ലോ എന്റെ അമ്മ. ഞാൻ എന്റെ സ്വപ്നത്തിന്റെ വഴി പൂർത്തിയാക്കാൻ വേണ്ടി അകത്തേക്ക് ഓടി. ജനൽപടിയുടെ മുകളിൽ കയറി ഇരുന്ന് നീലാകാശത്തിലേക്ക് എന്റെ കുഞ്ഞുമിഴികളാൽ നേക്കി പകുതിയുടെ നിലാവെളിച്ചംപോലെ  അമ്പിളിയമ്മാവനും നക്ഷത്രങ്ങളും എന്നെ തന്നെ തുറിച്ചുനോക്കി. അവരോടായിരുന്നു എന്റെ പല കഥകളും ഞാൻ പറയുന്നത്. അതുകൊണ്ടായിരിക്കണം എന്തോ ആഹ്ലാദത്തോടെ എന്നെതുറിച്ച്നോക്കിയത്. എന്ന് വിചാരിച്ച് ഞാൻ മയക്കം എന്ന അനശ്വര സ്വപ്നത്തിലേക്ക് ചാഞ്ഞു. പിന്നീട് ഞാൻ ശൂന്യതയിലായി. നേരം പുലർന്നത് ഞാൻ അറിഞ്ഞില്ല. സൂര്യന്റെ പുഞ്ചിരിതൂകിയവെളിച്ചം എൻെ അടുത്തേക്ക് വന്നു 'എഴുന്നേൽക്കൂ' എന്ന് എന്റെ കാതിൽ മന്ത്രം ചൊല്ലിയപ്പോഴാണ് ഞാൻ പുലരി എന്ന സുന്ദര നിമിഷത്തിലേക്ക് കാല്വെക്കുന്നത്. അമ്മ എന്നെ വിളിച്ചതുപോലെ  എനിക്ക് തോന്നി. അമ്മയുടെ അടുത്തേക്ക് ഞാനോടി. 'അമ്മേ'.......എന്നെ വിളിച്ചത് എന്തിമാണ്. ഞാൻ വിളിച്ചില്ലല്ലോ അമ്മ പറഞ്ഞു.പിന്നെ ആരായിരിക്കും.പിന്നെയാണ് കാര്യം മനസ്സിലായത്.പ്രകൃതിയുടെ അമ്മയാണെന്നെ വിളിച്ചത്.അവളുടെ കഥയും അവളുടെ മക്കളായ വൃക്ഷത്തൈകളുടെ കഥയും പറയാനാണ് എന്നെ വിളിച്ചത്.ഞാൻ രാവിലെ ഭക്ഷണം കഴിച്ച് ദൂരെ മുറ്റത്തെ മരച്ചവട്ടിലിരുന്ന കിളികളുടെ മധുര ഗാനത്തിൽ മുഴുങ്ങി വൃക്ഷങ്ങളോട് കഥകൾ പറഞ്ഞ് അങ്ങനെ നേരം പോയത് ഞാനറിഞ്ഞില്ല.എന്തെന്നില്ലാത്ത കാറ്റ്...ആകാശത്ത് കറുത്ത ഇുവൽ കെട്ടുകൾ വന്നു.പ്രകൃതിക്ക് എന്തോ സംഭവിക്കാൻ പോകുന്നതുപോലെ എനിക്ക് തോന്നി.



ഒരു മഴത്തുള്ളി എന്റെ മുഖത്തു വന്ന് പതിഞ്ഞു.ഞാൻ അവിടെ നിന്ന് വീടിന്റെ ഉമ്മറത്ത് പോയിരുന്നു.മഴയെ ആസ്വദിച്ച് നിന്നു.പെട്ടന്ന് എന്തോ വെളിച്ചം എന്റെ അടുത്തേക്ക് ഓടിമറഞ്ഞു.അത് മിന്നലായിരുന്നു.പേടിച്ച് ഞാൻ അമ്മയുടെ അടുത്തേക്ക് പോയി നിന്നു.മഴ ഉച്ചതിരിഞ്ഞു ആർത്തലച്ചുകൊണ്ടിരുന്നു.രാത്രിയുടെ ചക്രവാളങ്ങൾ ഒന്നുകൂടി അടഞ്ഞതുപോലെ എവിടെയോ പ്രകൃതിയിലെ നിലവിളികൾ എല്ലായിടത്തും ഭയത്തിന്റെ കണ്ണുകൾ.വീട്ടിലെ വെളിച്ചത്തിന്റെ രശ്മികൾ അടർന്ന് അടർന്ന് പോകുന്നു.ആരോ കതകിൽ മുട്ടുന്നു.അത് അച്ഛനായിരുന്നു.ആശ്വാസം പക്ഷേ പ്രകൃതിയുടെ അലർച്ചയെ തടയാനായില്ല എന്നോർക്കുമ്പോൾ വല്ലാത്തൊരു പേടി.രാത്രി ഭക്ഷണം കഴിച്ച് മനസ്സിൽ നാളെയുടെ ലോകത്തെ കാണാനാകുമോ എന്നാലോചിച്ച് നിദ്രയിലേക്കാഴുകയായിരുന്നു.അപ്പോഴാണ് അമ്മയുടെ നിലവിളി സ്വപനമാണെന്ന് കരുതി ഭയപ്പെട്ടെഴുന്നേറ്റു.പക്ഷേ അത് സ്വപ്നമല്ല.യഥാർത്ഥ്യമായിരുന്നു.ഞാൻ ഭയന്നതുപോലെത്തന്നെ പ്രകൃതിക്ക്

*എന്തോ സംഭവിച്ചിരിക്കുന്നു.ജനൽ തുറന്ന് പുറത്തേക്ക് നോക്കി.മരങ്ങളെല്ലാം അവിടെ കടപുഴകി വീണിരിക്കുന്നു.ഒന്നുകൂടി നോക്കിയപ്പോഴാണ് എന്റെ വീടിന്റെ ഒന്നാം നിലമുങ്ങാറായിരിക്കുന്നു.എന്ത് ചെയ്യണമെന്നറിയാതെ അച്ഛനും അമ്മയും ഭയം കൊണ്ട് നിസ്സഹായരായി നിന്നു.ഞാൻ പാതിവഴിൽ ഉപേക്ഷിച്ച സ്വപ്നമായിരുന്നു.ആ വൃക്ഷത്തിന് എന്ത് പറ്റിയിട്ടുണ്ടാവും .അപ്പോഴാണ് ഒരു പ്രവർത്തിന്റെ ആളുകൾ ഞങ്ങൾ അവിടെ കണ്ടു. ജലപ്രവാഹത്തിന്റെ താളങ്ങൾ എന്റെ നാദം കേൾക്കുന്ന ബിന്ദുവിലൂടെ പതിഞ്ഞു. ജനലിന്റെ പടവിലൂറടെ ഇറങ്ങി അവർ ഒറ്റക്കെട്ടായി കൈകോർത്ത് തുഴഞ്ഞ് നീങ്ങി. ഇതു വരെ ജീവിതത്തിൽ തോണിയിൽ പോവുന്ന സ്വപ്നം പോലും ഞാൻ കണ്ടിട്ടില്ല. പിന്നെ അവരെ ഒരു ക്യാമ്പിലേക്കാണ് മാറ്റിയത്. അവിടെ കുറെ കൂട്ടകാരെ ഞാൻ പരിചയപ്പെട്ടു. പക്ഷേ, എന്റെ ചിന്തകൾ പ്രകൃതിയെ പറ്റിയായിരുന്നു. പ്രകൃതിയ്ക്ക് ഇപ്പോൾ എന്തു സംഭവിച്ചിട്ടുണ്ടാവും എന്നുള്ള ചിന്ത എന്നെ ഇരുത്തി ചിന്തിപ്പിക്കാൻ ഇടയാക്കി. കുറച്ച് ദിവസങ്ങൾകേകേ ശേഷം പ്രളയദുരിതത്തിൽ നിന്ന് കരകയറി അവർ എല്ലാവരോടും യാത്ര പറഞ്ഞു . താമസിക്കാൻ ഒരു വീടുണ്ടോ എന്നറിയാതെയാണ് അവർ അവിടേക്ക് മടങ്ങിയത്. കഷ്ടം പ്രളയദുരന്തത്തിൽ പലരുടെയും വീടുകൾ ഒലിച്ച് പോയിരിക്കുന്നു.മറ്റൊരിടത്ത് മാലിന്യങ്ങൾ കൂടിക്കിടയുക്കുന്നു. കുന്നിടിഞ്ഞ മരഞ്ഞൾ ചാഞ്ഞ് നിൽക്കുന്നു. ഞാൻ ചിന്തിച്ചു പ്രകൃതിയോട് മനുഷ്യർ കാട്ടുന്ന ക്രൂരതയ്ക്ക് പ്രകൃതി തന്നെ അറിഞ്ഞ കൊടുത്തതായിരിക്കും. ഞാൻ വീടിന്റെഅടുത്തെത്തിയപ്പോൾ ഞാൻ അവിടേയ്ക്ക് ഓടി. വീട് നോക്കാതെ എനിക്ക് കഥയും കവിതയും പറഞ്ഞ് നൽകുന്ന ആ വൃക്ഷത്തിന്റെ അടുത്തേക്ക് .page no.3 കണ്ടതും എന്റെ കണ്ണുകളിൽ നിന്ന് ഞാനറിയാതെ വെള്ള തുള്ളികൾ അടർന്ന് വീണു.പച്ച ചാലിച്ച പച്ചില കൊണ്ട് മൂടിയ ആ മരം ഇപ്പോൾ പാതി ജീവിച്ചിരിക്കുന്നു. ആ പച്ചില ഇന്നില്ല . ഒരു പേരിന് വേണ്ടി ഒരില മാത്രം . പ്രകൃതിയോട് ഒത്ത് ജീവിക്കാത്ത എന്റെ അമ്മ പറഞ്ഞു.ഈ മരം ഇനി എന്തിനാണ് ? ഇത് ഇപ്പോൾ തന്നെ വെട്ടികളയണം. അത് കേട്ടപ്പോൾ എന്റെ മനസ്സിൽ അരുത് എമ്മ വാക്കായിരുന്നു. ഞാൻ എത്ര പറഞ്ഞിട്ടും അമേമ പറഞ്ഞത് പോലെ ചെയ്യുകയുണ്ടായി. മരത്തെ വെട്ടുമ്പോൾ വൃക്ഷത്തിന്റെ രോദനംശബ്ദം എന്റെ മനസ്സിൽ തറച്ച് നിന്നു. ഒരു സൂചി കുത്തുന്നത് പോലെ ഞാൻ നിന്നു. ഇനി ഒരിക്കലും ഇനി ഒരിക്കലും ആ വൃക്ഷം പൂക്കില്ല എന്ന് വിചാരിച്ച് ആവൃക്ഷത്തിലുണ്ടായിരുന്ന ഒരിലയെ ഞാൻ തഴുകാൻ വേണ്ടി കൈകൾ നീട്ടി. ആ ഇലയും അടർന്ന് വീഴുന്ന കാഴ്ചയാണ് പിന്നീടുണ്ടായത്. ആ മരത്തിന്റെ വിരഹ ശബ്ദം എന്നോട് എന്തോ മന്ത്രിച്ചത് പോലെ എനിക്ക് തോന്നുകയുണ്ടായി.മനസ്സിന്റെ വിങ്ങൽ കഴുകി കളയാനാകാതെ ഞാൻ*

*വീട്ടിലേക്കോടി.*

*ശോഭിക*
*9 .ഡി*



# നിലയ്ക്കാത്ത പെയ്ത്ത്

ആകാശ ഗംഗയിൽ നിന്നും,
ഒഴുകിയെത്തിയൊരായിരം തുള്ളികൾ
നിനച്ചിരിക്കാതെ ശിരസ്സോളം ഉയരവെ,
ഇന്ദ്രദേവൻ ജലത്താൽ തീർത്തിടും കരങ്ങൾ
വലിച്ചിഴയ്ക്കുന്നു മരണത്തിൻ മടിത്തട്ടിലൂടെ.

പരൽ മീനുകൾ കൊത്തിവലിക്കുന്നൊരാ പാദങ്ങൾ
ഒഴുകുന്നതാ യമുനപോൽ കാർകൂന്തൽ
ചുറ്റിപ്പിടിക്കുന്നു മേലാകെ.
പാലൂട്ടി വളർത്തിടും വളർത്തുനായതാ-

ചീർത്തികിടക്കുന്നു അനക്കമില്ലാതെ.

എത്തിപ്പിടിക്കാൻ കയ്യൊന്നു നീട്ടവേയക-
ലേക്ക് പോകുന്ന നാണയത്തുട്ടുകൾ
ഈശ്വരൻ നീട്ടിയ കരങ്ങൾ പിടിക്കവെ,
ഉയരുന്നു മരണമാം ചുഴയിൽ നിന്നും.

കൺപോള മെല്ലെ തുറന്നു നോക്കുമ്പോഴതാ,
അപ്പൻ കണ്ണീരാൽ തീർന്നിടും.
ഓലപ്പുരയിലെന്റെമ്മയുമില്ല.
പൊട്ടിയ ചട്ടികൾ കാലിൽ തറയ്ക്കുന്നു
മുറിവിലൂടൂന്നു കണ്ണുന്നീർത്തുള്ളികൾ.

പൊത്തിപ്പിടിച്ചുകളിച്ചൊരാ വൻമരം
കടയോടെ  ഇളകിമറിഞ്ഞു കിടക്കുന്നു.
ജാതിപറഞ്ഞീടും വലിയവൻ ഇരുന്നീടു
ന്നിതാ അന്നത്തിനായ്.

ആശിച്ചു വാങ്ങിയ പുസ്തകത്താളുകൾ
എവിടെയോ മറഞ്ഞൊരാ മഷിക്കുപ്പിയും പേനയും.
വെട്ടിപ്പിച്ചവയൊക്കെയും ഓർമ്മയായ് അലറുന്ന
സ്ത്രീകളും,കുഞ്ഞുങ്ങളും
കാതടിച്ചീടും നിലവിളി ഉയരുന്നു
കലികാലമെന്നൊരു ശാപവാക്കും.

# പ്രണയമാണ് അമ്മെ നിന്നോട്

പ്രണയമാണെനിക്ക് കളംകളം പാടുമരുവിയോട്
പ്രണയമാണെനിക്ക് തിങ്ങിവിങ്ങിയ കാടിനോട്
പ്രണയമായിരുന്നെന്നും എനിക്കമ്മെയാം പ്രകൃതിയോട്
പ്രണയമായിരുന്നെന്നും നിന്നോട്

ആഗ്രഹിക്കുന്നു ഞാനമ്മേ നിൻ

മാറിലൊന്ന തലചായ്ച്ചുറങ്ങാൻ
മിഴിവാർന്ന സൗന്ദര്യങ്ങൾ ചുരത്തും
അമ്മെ നിന്നെ കൺകുളിർക്കെ കാണാൻ
നിന്നോടുചേർന്നെന്നിരിക്കാൻ വെമ്പുന്നു ഞാൻ

സമ്മതം മൂളുക അമ്മെ ഞാനൊന്നു
ചെയ്തുകൊള്ളട്ടെ പ്രതികാരം
നിന്നെ വേദനിപ്പിക്കുന്നൊരു നീചനു നേരെ
ഞാൻ നീട്ടട്ടെ എൻ നാക്കെന്ന വാൾ
ഒന്നു മൂളുക എൻ അമ്മെ
ഞാനതു ചെയ്തു കൊള്ളട്ടെ
എന്തിനിനിയും നീ ക്ഷമിക്കുന്നു
എന്തിനിനിയും നീ പൊറുക്കുന്നു
അവനു നേരെ നീട്ടുക നീ നിൻ ആയുധം

എന്തിനമ്മെ നീ ഇത്രമേൽ സഹിക്കുന്നു
അത്രമേൽ പൊള്ളിടുന്നു നിനക്കിന്നു
മർത്ത്യന്റെ നിലക്കാത്ത പ്രഹരങ്ങളാൽ
സമ്മതം മൂളുക ഞാൻ ചെയാതുകൊള്ളട്ടെ
അവനു നേരെ പ്രതികാരം
അത്രമേൽ പ്രണയിക്കുന്നു ഞാനിന്നു അമ്മെ
പ്രണയമാണെനിക്കു നിന്നോട്
മരണമെന്നെ പുണരുന്ന നേരം വരെ ......



*ഷിഫാന ജാസ്മിൻ. വി 9 എ*

# <u>പ്രളയം പഠിപ്പിക്കുന്ന പാഠം</u>

*page no.1*

കേരള ജനതയെ തന്നെ കിടിലം കൊള്ളിച്ച ഒരു മഹാ പ്രളയമാണ് ഇക്കഴിഞ്ഞ ആഗസ്റ്റ് ,സെപ്റ്റംബർ മാസങ്ങളിൽ കഴിഞ്ഞുപോയത്. അതിനെ നാം ഒറ്റക്കെട്ടായിരുന്ന് നേരിട്ടെങ്കിലും വളരെ വലിയ ദുരന്തങ്ങളും ഓർമകളും പാഠങ്ങളും ബാക്കിയാക്കിയാണ് അത് പോയത്.

ദരിദ്രനെന്നോ ധനികനെന്നോ എന്നുള്ള വ്യത്യാസമില്ലാതെ എല്ലാവരേയും അതു ബാധിച്ചു. എനിക്ക് ഒന്നും സംഭവിക്കില്ല എന്ന് കരുതിയിരുന്ന വലിയ കുത്തക മുതലാളികൾ വരെ ക്യാമ്പുകളിൽ കഴിയുന്ന കാഴ്ച ഇക്കഴിഞ്ഞ മാസങ്ങളിൽ നാം മാധ്യമങ്ങളിലൂടേയും പത്രങ്ങളിലൂടേയും കണ്ടിരിക്കുന്നു. പ്രകൃതിക്കെതിരെ നമ്മൾ നടത്തിയ ഓരോ ചുവടുവെപ്പിനും എണ്ണി എണ്ണി പകരം ചോദിച്ചിരിക്കുകയാണ് പ്രകൃതി. നമ്മൾ ഇനിയും പഠിച്ചിട്ടില്ല. ഇത് പ്രകൃതി നശീകരണം നിർത്താനുള്ള മുന്നറിയിപ്പാണെന്ന്. ഏതു നേരവും ഫോണിൻമേൽ തപസിരിക്കുന്ന യുവാക്കളെ പറ്റിയുള്ള നമ്മളുടെ മനോഭാവം മാറ്റാനും ഈ പ്രളയം കാരണമായി. രക്ഷാപ്രവർത്തനത്തിന് മുന്നിട്ടിറങ്ങിയതിൽ കൂടുതൽ യുവാക്കളാണ്. മലയാളി സ്വാർത്ഥനാണ് എന്ന ചിന്താഗതി മാറാനും ഈ പ്രളയം സഹായിച്ചു. ഓരോ മനുഷ്യനും കൈ മെയ് മറന്നാണ് രക്ഷാപ്രവർത്തനത്തിലേർപ്പെട്ടത്. ബാക്കിയുള്ളവർ ശാരീരികമായും സാമ്പത്തികമായും മാനസികമായും രക്ഷാപ്രവർത്തകർക്ക് പിൻതുണയേകി.

എങ്കിലും ഇനിയും ഇതുപോലുള്ളത് സംഭവിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. അതിനാൽ നാം മുൻകരുതലുകൾ എടുക്കേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. പരിസ്ഥിതി ദിനം വരുമ്പോൾ ഒരു കറിവേപ്പിൻ ചെടി നടുന്ന ഫോട്ടോ എടുത്ത് അത് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്താൽ തീരേണ്ടതല്ല നമ്മുടെ പ്രകൃതി സ്നേഹം. പരിസ്ഥിതി ദിനം വരുമ്പോൾ പ്രൊഫൈൽ പിക്ച്ചർ പച്ച കളറാക്കിയും ജലദിനം വരുമ്പോൾ പ്രൊഫൈൽ നീലകളറാക്കിയുമല്ല നമ്മൾ ഇത് ആഘോഷിക്കേണ്ടത്. ഇതിനെ സംരക്ഷിക്കാൻ വേണ്ടി നാം മുന്നിട്ടിറങ്ങണം. ആജീവനാന്തം ഇതിനെ പറ്റിയുള്ള സന്ദേശങ്ങളുമായി നാം സഞ്ചരിക്കണം. സംസാരിക്കാനുള്ള കഴിവില്ലാത്ത ഒന്നാണ് പ്രകൃതി. അതിൽ നാം രാസഫേക്ടറികൾ കെട്ടിപ്പൊക്കിയും അതിലേക്ക് മലിനജലം തള്ളിവിട്ടും അവ സ്ഫോടനം നടത്തിയും പ്ലാസ്റ്റിക് കൊണ്ട് പുതപ്പിച്ചും പ്രകൃതി വിഭവങ്ങൾ ഊറ്റികുടിച്ചും അതിനെ മുച്ചൂടും നാം

നശിപ്പിക്കുമ്പോൾ അതിന് ഇതുപോലുള്ള പ്രളയമോ ചുഴലിക്കാറ്റോ ഭൂകമ്പമോ ഒക്കെ ഉണ്ടാക്കാതെ മറ്റു വഴിയില്ല ഇതൊക്കെ നമ്മൾ ഇരന്നു വാങ്ങുന്നതാണ്. പ്ലാസ്റ്റിക് പോലെയും മറ്റും നമ്മൾ പ്രകൃതിക്ക് നൽകിയ സമ്മാനങ്ങൾ എല്ലാം 'ഇത് നിങ്ങൾ തന്നെ എടുത്തോ' എന്നു പറഞ്ഞുകൊണ്ട് നമുക്ക് തിരിച്ചു തന്നിരിക്കുകയാണ്. വ്യക്തി ശുചിത്വത്തിൽ വളരെ ശ്രദ്ധ പാലിക്കുന്ന നാം പരിസരശുചിത്വത്തിന്റെ കാര്യത്തിൽ തോറ്റുപോയി. അതിനാലാണ് എലിപ്പനി പോലുള്ള മാരക രോഗങ്ങളാൽ പ്രളശേഷം നാം ബുദ്ധിമുട്ടുന്നത്. കുറെ പേരുടെ ജീവനെടുത്തുകൊണ്ട് എലിപ്പനി മുന്നേറുകയാണ്. വളരെ കോപത്തോടെയാണ് ഇപ്പോൾ പ്രകൃതി. നമ്മുടെ പ്രകൃതിയെ നാം പഴയരീതിയിലാക്കണം.മരങ്ങൾ നട്ടും മറ്റും നമുക്ക് നമ്മളാൽ കഴിയുന്ന സഹായം ചെയ്യാം. ഇനിയും നാം നമ്മുടെയും നമ്മുടെ ഉറ്റവരുടേയും ജീവൻ നഷ്ടപ്പെടുത്താൻ പ്രകൃതിക്ക് അവസരം കൊടുക്കരുത്. മുന്നൂറിലധികം പേരുടെ ജീവൻ ഈ പ്രളയം എടുത്തു കഴിഞ്ഞു. അതിലധികം പേർ പ്രളയത്തിന്റെ ഭീകര ഓർമ്മകൾ പേറി നടക്കുന്നു. സ്വന്തം മക്കളുടേയും ഭർത്താവിന്റെയും മൃതദേഹത്തിന് കാവൽ നിൽക്കേണ്ടിവന്ന സ്ത്രീ വരെ അതിലുണ്ട്. അടുത്ത തലമുറക്ക് ഇവിടെ ജീവിക്കാനുള്ള സാധ്യത ദിനം പ്രതി കുറഞ്ഞു വരികയാണ്. നമ്മളാണ് അതിന് കാരണക്കാർ. നല്ല നാളേക്കായി ഇന്നേ നമുക്ക് കരുതി വക്കേണ്ടതുണ്ട്. പ്ലാസ്റ്റിക് ഉപയോഗം നാം വളരെ കുറക്കണം. മാലിന്യം സംസ്കരിക്കാനുള്ള പുതുവഴികൾ നാം ആവിഷ്കരിക്കണം.

ടൺ കണക്കിന് മാലിന്യമാണ് ഈ പ്രളയം കാരണം ഉണ്ടായത്.

അതു മുഴുവൻ സംസ്കരിക്കുക എളുപ്പമുള്ള ജോലിയല്ല. പക്ഷെ ഇത് നമ്മുടെ ഒത്തൊരുമക്ക് മുന്നിൽ ഒന്നുമല്ല. അതിനാൽ നമുക്ക് ഇതിനുവേണ്ടി ഒരുമിച്ച് മുന്നേറാം.



## പ്രളയം വരച്ചിട്ടത്

*ഇന്നന്റെ വീടിന്റെ മുക-*
*ളിലൂടിഴയുന്ന പറമ്പിനെ കണ്ടു.*
*അടച്ചിട്ട മുറിക്കുള്ളിലകപ്പെട്ട*
*പെണ്ണിനെ പോലപ്പുറം*
*മണൽത്തരികൾ തേങ്ങുന്നു.*

*ആർത്തുപെയ്തൊരാ*
*പേമാരിയിൽ, ചോർന്നു-*

*പോയതോ ആയിരം,*
*പൂങ്കിനാക്കൾ.*

*വയലാണവിടെ യെന്നാരോ*
*മൊഴിഞ്ഞപ്പോൾ,*
*പുഴയാണതെന്ന് ഞാ-*
*നുമോതി.*

*പ്രളയം വിതച്ചതും മരണമാ-*
*ണ്, പ്രളയം വരച്ചതും മരണ-*
*മാണ്.*

*ഇനി വരുന്ന കറുപ്പുകാലത്തിന്റെ-*
*സൂചനയാണിതെന്നെന്നോട്*
*പുഴ പറഞ്ഞു.*

*ഇന്നു തകർന്നൊരാ വീടിന്നു*
*പകരമായി,*
*നാളെ തകരുന്നത്*
*മനുഷ്യരാണോ?*
കാലം അതിന്റെ രൗദ്ര-
ഭാവത്തിൽ മുടിയഴിച്ചാ-
ടുമ്പോൾ,
തകർന്നുപോകുന്നവർ മനുഷ്യരല്ലേ?



**മീനാക്ഷി പി. വി**
***9 എ***

# മാതൃഭാഷ

നമ്മുടെ മാതൃഭാഷയാണ് മലയാളം.
അമ്മയാണ് മലയാളം.നാം ജനിച്ച ഉടനെ നമ്മുടെ നാവിൽ വരുന്ന അക്ഷരം നമ്മുടെ മാതൃഭാഷയായ മലയാളമാണ്.അമ്മയ്ക്ക് തുല്യമാണ് മാതൃഭാഷയായ മലയാളം.ഏതൊരു വിഷയം പഠിക്കുമ്പോഴും ഇംഗ്ലീഷ്, ഹിന്ദി എന്നിവ പഠിക്കുമ്പോഴും നമ്മളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നത് നമ്മുടെ മാതൃഭാഷയാണ്.2013-ൽ ശ്രേഷ്ഠഭാഷപദവി നമ്മുടെ മലയാളത്തിന് ലഭിച്ചെങ്കിലും അതിന് അത്ര പ്രാധ്യാന്യം കേരളീയർ തന്നെ നൽകുന്നില്ല.നമ്മുടെ മാതൃഭാഷയെ മറന്ന് എല്ലാവരും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ ചേർക്കുന്നു.നമ്മുടെ മാതൃഭാഷയെ അത്ര പ്രാധ്യാന്യം നൽകാത ഇംഗ്ലീഷ് ഭാഷയ്ക്കാണ് ഇപ്പോൾ മനുഷ്യർ പ്രാധ്യാന്യം നൽകുന്നത്. അത് സംസാരത്തിൽപോലും നിഴലിച്ച് കാണുന്നു.നമ്മുടെ ഭാഷയ്ക്ക് അത്ര പ്രാധ്യാന്യം നൽകുന്നില്ല എന്നതാണ് ഇന്നത്തെ അവസ്ഥ. എല്ലാ ഭാഷകൾക്കും നാം പ്രാധ്യാന്യം നൽകണം.എന്നാൽ നമ്മുടെ ഭാഷയ്ക്കും പ്രത്യേകം പ്രാധ്യാന്യം നൽകണം. നമ്മുടെ ഭാഷയ്ക്ക് നമ്മൾ മലയാളികൾ തന്നെ പ്രാധ്യാന്യം നൽകണം.

***"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ***

***മർത്ത്യന്നു പെറ്റമ്മ തൻ ഭാഷതാൻ"***

വള്ളത്തോളിന്റെ ഈ വരികൾ  എല്ലാ മലയാളികളും ഓർക്കേണ്ടതാണ്.



# വീണ്ടും പൂക്കുന്ന നീലക്കുറിഞ്ഞി

ഏതു തിരക്കിടനിടയിലും എന്നും അമ്മു തന്റെ നീലക്കുറിഞ്ഞി പൂക്കുന്നുണ്ടോ എന്നറിയാൻ പരതി നോക്കും.കാഴ്ച്ചയില്ലെങ്കിലും ഗന്ധവും ആകൃതിയുംതഴുകി പൂക്കൾ കണ്ടുപിടിക്കാനാകുന്ന അവൾക്ക് നീലക്കുറിഞ്ഞി മനസ്സിന്റെ ആഴങ്ങളിലെ കാണായൊളിയായിരുന്നു.

12 സത്വത്സരത്തിൽ ഒരു നാൾ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞിയെ അവൾ വരവേൽക്കാനായി കാത്തിയിരിക്കും.

ഒരുനാൾ നീലക്കുറിഞ്ഞി പൂത്തു.ആഹ്ലാദത്തോടെയും അലചൊല്ലിയും ആഞ്ഞടിച്ച അവളുടെ മനസ്സ്

നീലക്കുറിഞ്ഞെടുത്തേക്കോടി.തന്റെ കരസ്പർശം കൊണ്ട് അവൾ നീലക്കുറിഞ്ഞിയിൽ തഴുകി.എന്നാൽ അവളറിയാതെതന്നെ അവളുടെ മയിൽപ്പീലിക്കണ്ണിൽ നിന്നും വെള്ളാരം കല്ലുകൾ ഒഴുകിത്തുടങ്ങി.

അവൾക്ക് ഈ ലോകത്തിലെ മറ്റൊന്നിനെയും കാണാൻ ആഗ്രഹമില്ലായിരുന്നെന്നാലും നീലക്കുറിഞ്ഞി എന്ന പുഷ്പത്തെ നേരിട്ട്കാണാൻ അവൾ ആഗ്രഹിച്ചു.തന്റെ ആശകളും ആഗ്രഹങ്ങളും ഒരു നാൾ ദൈവം നിറവേറ്റി തരുമെന്ന ആശയോടെ അവൾ ആ പുഷ്പത്തെയും തഴുകി തലോടിയിരുന്നു.

വിളറിയ പകലുകളും,ഇരുണ്ട രാത്രികളും കടന്ന് പോയി.നറ്റൊരുനാൾ തന്റെ പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് വെറുതെയിരിക്കുകയായിരുന്ന അമ്മു കോരിച്ചൊരിയുന്ന മഴയിൽ തന്റെ ഹൃദയമായ നീലക്കുറിഞ്ഞിയെ കാണാനാഗ്രഹിച്ചു.എന്നാൽ മഴയത്തിറങ്ങരുത് എന്ന അമ്മയുടെ വാക്കിനെ വിലകൽപ്പിക്കാതിരിക്കാൻ അവൾക്കായില്ല.എന്നാലും തന്റെ മനസ്സിന്റെ കണ്ണാടിയിൽ നീലക്കുറിഞ്ഞിയെ കോരിച്ചൊരിയുന്ന മഴയിൽ ഒന്നു കാണാനാഗ്രഹിച്ചു.കാണുക മാത്രമല്ല ഉമ്മവെച്ച് തഴുകാനും തലോടാനും അവൾ ആഗ്രഹിച്ചു.

എന്നാൽ തന്റെ ആശയെ അച്ഛനോട് പറഞ്ഞപ്പോൾ അവൾ വിചാരിക്കാത്ത മറുപടി ലഭിച്ചു.നിന്റെ ആഗ്രഹം നടത്താനാണ് ഞാൻ ഇവിടുള്ളത്,അമ്മ അറിയാതെ നമുക്ക് പോയിവരാം.കോരിച്ചൊരിയുന്ന മഴയിൽ അവൾ കുടയുമായി ഇറങ്ങി.ഒരു ഭാഗത്ത് ഒടിഞ്ഞ ഇല്ലി അവളെ നന്നായി നനച്ചു.എന്നാൽ കാണാനാകാത്ത നീലക്കുറിഞ്ഞിയെ തഴുകുന്ന മകളെ കണ്ട ആ അച്ഛന്റെ മനസ്സിൽ കാർമേഘം പരന്നു.നേരം വൈകിക്കിടന്നതു കൊണ്ടാവണം ഉണരാൻ വൈകിയ അവൾ ഉമ്മറത്തേക്കെത്തി.പരിചയമില്ലാത്ത ശബ്ദം അവളെ ഭയപ്പെടുത്തി.എന്നാൽ അമ്മ അവളുടെ പേടിയെ മാറ്റി.എന്നാലും ആരാണെന്ന് വന്നതെന്നറിയാൻ അവൾ അമ്മയോട് തിരക്കി.

നിനക്ക് കണ്ണു തരാൻ അവരുടെ ആരാണ്ടോ ഉണ്ടത്രേ.അത്

സംസാരിക്കാൻ വന്നതാണ് അവർ.അച്ഛന് സമ്മതമാണെന്നാണ് പറയുന്നത്.നിനക്ക് സമ്മതമാണോ എന്ന് അന്വേഷിക്കാൻ അച്ഛൻ എന്നോട് പറഞ്ഞു.

"നിനക്ക് സമ്മതമാണോ മോളേ...?"

"ഉം"ഏതോ അതിശയത്തോടെ അവൾ മൂളി.അടുക്കളയിൽ നിന്ന് ചായ കുടിക്കുന്ന അവൾ അമ്മയുടെ സംസാരം ശ്രദ്ധിച്ചു.

കണ്ണ് കിട്ടിയാൽ  നല്ല കാശുള്ള വീട്ടിലേക്ക് അവളെ കെട്ടിച്ച് വിടണം എന്നാൽ അമ്മയുടെ സംസാരം അവൾ നിസ്സാരമായെടുത്തു.തന്റെ മനസ്സ് ഏതോ ലോകത്താണെന്ന സത്യം അവൾ തിരിച്ചറിയുകയായിരുന്നു.

പണമോ,കല്ലാണമോ,സമ്പത്തോ അല്ലായിരുന്നു അവൾക്ക് വേണ്ടത് "നീലക്കുറിഞ്ഞി"അവയെ ഒന്നു കാണണം.താൻ ജീവനേക്കാൾ സ്നേഹിക്കുന്ന പൂവിനെ ഒന്നു കാണാൻ അവളുടെ മനസ്സ് വിങ്ങുന്നുണ്ടായിരുന്നു.

നാളെ രാവിലെ ട്രെയിനിൽവേണം ആശുപത്രിയിലേക്കുപോകാൻ. വേഗം ഒരുങ്ങണം.

സൂര്യൻ മഞ്ഞു നീക്കി.അവർ ട്രെയിനിൽ കയറി.പട്ടണത്തിലെ ആശുപത്രിയിൽ എത്തിയ അമ്മു ഭയപ്പാടോടെ അകത്തേക്കിനീങ്ങി...

പിന്നീട് അവൾ കണ്ണുതുറക്കുമ്പോൾ അപരിചിതമായ കുറേ ശബ്ദങ്ങൾ,മങ്ങിയവെളിച്ചം.

ആരാ.....ആരാ.....

അമ്മുവിന്റെ ചോദ്യം അമ്മയെ ഭയപ്പെടുത്തി.

അമ്മു.അമ്മുവിന് കാഴ്ച്ച തിരിച്ചുകിട്ടി.അമ്മ ആഹ്ലാദത്തോടെ അച്ഛനെ അറിയിച്ചു.

അവർ പോകാനൊരുങ്ങി.ആവേശത്തോടെ  ട്രെയിനിൽ കയറി വീടിന്റെ വരവിനായി കാത്തിരുന്നു.

വീടെത്തി.വീട്ടിൽ ഞങ്ങളുടെ വരവിനായി ഒരുപാടുപേർ

കാത്തിരുന്നു.പരിചയപ്പെട്ടു.എന്നാൽ അവർക്കിടയിൽ നിന്നും ഒഴിഞ്ഞു മാറാനുള്ള എന്റെ ശ്രമം അമ്മ തടസ്സപ്പെടുത്തി.

സൂര്യൻ തന്റെ വെട്ടം ചന്ദ്രനു നൽകി തിരികെ പോകാൻ തുടങ്ങി. നീലക്കുറിഞ്ഞിയെ ഇന്ന് കാണാനാവില്ല എന്ന നിരാശയോടെ അവൾ സ്വപ്ന ലോകത്തിലേക്ക് ചാഞ്ഞു.

എന്നാൽ സ്വപ്നങ്ങളിലും തന്നെ വെറുതെ വിടാതെ നീലക്കുറിഞ്ഞിയെ അവൾ കാണാൻ അതിയായി ആഗ്രഹിച്ചു.

രാവിലെ അച്ഛന്റെ സഹായത്തോടെ അവൾ മലയിലെത്തി.അച്ഛൻ അവിടെ അന്തെല്ലാമോ ചെയ്യുന്നത് അവൾ കണ്ടു.കുറച്ചു സമയം നിശബ്ദയായ് അവിടെ നിന്നു.എന്നാൽ അച്ഛന്റെ മുഖത്തിൽ നിന്നും എന്തെല്ലാമോ അവൾ വായിച്ചെടുത്തു.

"നീലക്കുറിഞ്ഞി ഇന്ന് ജീവിച്ചിരിപ്പില്ല.''എന്ന സത്യം അവൾ മനസ്സിലാക്കി.കുറേ പരതിയിട്ടും ഒരി തുമ്പ് നീലക്കുറിഞ്ഞിയും അവൾക്ക് കാണാനായില്ല.കുറേ കരിഞ്ഞുണങ്ങിയ കമ്പുകൾ മാത്രം.അന്തരീക്ഷത്തിൽക്കൂടി കറങ്ങി വീഴുന്ന ചിറകൊടിഞ്ഞ പക്ഷിയെ പോലെ നിരാശയുടെ അഗാധതയിലേക്ക് അവൾ താഴ്ന്ന പോയി... നിരാശയോടെ അവൾ അവിടെ ഇരുന്നു.

"വീണ്ടും പൂക്കുന്ന നീലക്കുറിഞ്ഞികൾ"
എന്ന ആശയത്തോടെ
അരുണിമ വിടർന്ന ആകാശം പുഞ്ചിരു ളുകി.

അരുണിമ .എം




നിറവാർന്ന സ്നേഹത്തിൻ ചിപ്പിതേടി
കനിവാർന്ന മിഴികൾ തൻ സാന്ത്വനം തേടി
വിറയാർന്ന കൈകൾക്കൊരു താങ്ങുതേടി
ഓർമ്മതൻ തീരത്തെത്തിയപ്പോൾ

എന്നിലേക്കൊരു വഞ്ചിയായ് നീയടുത്തു
വിരഹത്തിനോളങ്ങൾ തെന്നിമാറ്റി
എന്നിലെ മിഴിനീർ തുടയ്ക്കുവാനായ്
ഓതി നീ നന്മതൻ വാക്കുകളും
എൻ നെഞ്ചിലെയഗ്നി നീയണച്ചകാലം
എൻ സൗഹൃദനാമ്പുകൾ വിടർന്നകാലം
ഹൃദയത്തിൻ നൊമ്പരം മറന്നകാലം
സ്മരിക്കുമോ നീയാ സുവർണകാലം
പെയ്തൊഴിയാതാഹ്ലാദം തിമിർത്ത നേരം
ഝടിതി ഞാൻ ജീവിത നൗകയിലോ
ഏകയായ് യാത്ര തിരിച്ചനേരം
ദു:ഖമാമാഴിയിൽ തുടിച്ചുവല്ലോ.
കാലത്തിൻ കരവിരുതിൽ നാമകന്ന നേരം
നിന്നിലെ സൗഹൃദമേകീ കരുത്തെന്നിലായ്
തളരാതെ പതറാതെ മുന്നേറാനായ്
ആത്മശക്തിയായ് നീ ജ്വലിച്ചുവല്ലോ
ഒരുനാൾ വരുമെന്ന പ്രതീക്ഷയോടെ
മനമെന്നു നിനക്കായ് കാത്തിരിപ്പു
ചുറ്റിലും കാണുന്ന നീതികേടിനായ്
പൊരുതുന്ന ശബ്ദമായ് നീയെത്തിടേണം

**ഷെറീന ടീച്ചർ**



# പറയാതെ

ഒരിക്കൽ,

എന്റെ സ്വപ്നങ്ങളെ വിറ്റ്
നീ വാങ്ങിയ കണ്ണടച്ചില്ലിനു
കട്ടിയേറിയതുകൊണ്ടാണോ
ഞാനെന്നത്,നിന്റെ കണ്ണുകളിൽ
ഇന്നും തെളിയാത്ത കാഴ്ചയായത്.

അന്ന്, നമ്മളൊന്നിച്ചു നടന്ന വഴികൾ -
ചവിട്ടിയ കല്ലുകളിന്നു തേഞ്ഞുപോയി,
അന്നു പൂത്തപൂവാക,പിന്നെത്രതലമുറകളെ
പൂക്കാലത്താൽ വരവേറ്റു.
പെയ്ത മഴയൊക്കെയും മണ്ണിലൂർന്നു
പിന്നെയും മേഘവും മഴയായ് എത്ര കാലം
കണ്ട കനവൊക്കെയും കൂടുവിട്ടു പറന്നകന്നു
ഏറ്റവെയിലൊക്കെയും തണലിന്റെ
തണുപ്പ് തേടുന്ന രാത്രിയിൽ മരിച്ചു.

എന്നിട്ടും, നമ്മളെള്ളന്തേ, മറവിയുടെ

മഹാജ്വരത്തിനമരാതെ ഇങ്ങനെ

ഓർമ്മയുടെ ചിപ്പിയിൽ അടയിരിപ്പൂ

നാളിന്നേക്കും ഒരു മുത്തുപൊഴിക്കാനാവാതെ

പാഴ് ചിപ്പികളാഴ് നാളുകളെണ്ണിയെണ്ണി......



ഓർക്കുന്നുവോ,

ഒരൊറ്റ വാക്കിനറുതിയാൽ

കാലത്തിനക്കരെയിക്കരെ നിന്നവർ

ഇന്നും, സ്വപ്നങ്ങളുടെ
കളിയോടം തുഴഞ്ഞേയിരിക്കുന്നു
ഒരു പകലിനും രാവിനുമപ്പുറം
ഒരു നിശ്വാത്തിന്റെ നേർത്ത ഗന്ധം
കാലങ്ങൽ താണ്ടിയെത്താമെന്ന്,
പറയുന്നിതാരോ?
ഇടനെഞ്ചിന്നിറയത്ത് തോരാമഴ പോലെ
പെയ്തിറങ്ങുമീ ഓർമകളോ?

ധന്യ ടീച്ചർ



# പണിക്കരുമാഷ്

# ഓർമ്മക്കുറിപ്പ്

രണ്ടാം ക്ലാസു മുതലുള്ള ഓർമ്മകളെ എന്റെവെള്ളെഴുത്തു കണ്ണടയിലൂടെ ഇന്നെനിക്കുവായിക്കാനാകുന്നുള്ളൂ.

ഞാൻ പ്രൈമറിവിദ്യാഭ്യാസം പൂർത്തിയാക്കിയ പുകാട്ട് ഗവ.എൽ.പി.സ്കൂൾ.എന്റെ വീടിന്റ മുറ്റത്തായിരുന്നു

സ്കൂൾ.സ്കൂൾവളപ്പും ഞങ്ങളുടെ തൊടിയും അതിരുകളുടെ കനമേതുമേൽക്കാതെ പരസ്പരം ചുബിച്ചു കിടന്നു.

അതിരിൽ ഒരു ചുതമാവുണ്ട്.അതിൽ നിന്നും മാമ്പഴം വീഴുന്നതും കാത്ത് ഞങ്ങൾ കുട്ടികൾ എത്രനേരം അതിന്റെ ചുവട്ടിൽ നിന്നിരുന്നു.കാറ്റേ വാ കാറ്റേ വാ...എന്ന പ്രാർത്ഥനയോടെ...

മാമ്പഴം കയ്യിൽ കിട്ടിയാൽ പിന്നൊരോട്ടമാണ്.മരത്തിലോ ക്ലർത്തകല്ലിലോ അതിന്റെ ഞെട്ടമർത്തിയുരസ്സി ചുതപോക്കും.പിന്നെ കണ്ണടച്ചുപിടിച്ച് ഒറ്റകടിയാണ്.ചുതയുടെ കേന്ദ്രത്തെ ഇങ്ങനെ കടിച്ചുതുപ്പിയാൽ പിന്നെ മാമ്പഴം ആസ്വദിച്ച് തുടങ്ങാം.അങ്ങനെ നിലമറന്ന് നിൽക്കുമ്പോഴാവും പണിക്കരുമാഷിന്റെ വരവ്.ബെല്ലടിച്ചിട്ട് എത്ര നേരമായി...ആർക്കറിയാം.....?

മിടുക്കന്മാർ മാഷ്ടെ തലവെട്ടം കാണുമ്പോഴേ ക്ലാസിലെത്തിയിരിക്കും.അല്ലാത്തവർ മാഷ് പിന്നിലൊളിപ്പിച്ച ചൂരൽ കാണുന്നതിനു മുമ്പ് അടിയുടെ ചൂടറിഞ്ഞിരിക്കും.രണ്ടാമത്തെ ഗണത്തിൽ പെട്ട് ചിലപ്പോഴൊക്കെ ഞാനും കുഴങ്ങിയിട്ടുണ്ട്.

പകലൊക്കെ ഞങ്ങളുടെ സ്കൂളിനു ചുറ്റും ഒളിച്ചു കളി നടത്തുന്ന പൂതത്താന്മാർ ഞങ്ങളുടെ തത്രികളെ  പേക്കിനാവിൽ തളച്ചു...?

ഒരിക്കൽ നിലീന കണ്ട പൂതത്തിന്റെ വാർത്ത പണിക്കർ മാഷുടെ കോടതിയിൽ വിചാരണ കഴിഞ്ഞതോടെ പൂതം വന്ന വഴിയും പോയ വഴിയും ഞങ്ങൾ മറന്നു.പിന്നീട് എത്ര സ്കൂൾ മുറ്റങ്ങളിൽ അവ കയറിയിറങ്ങിയിരിക്കാം-ഗതികിട്ടാതെ.



രാമൻ മാഷും ഗോപാലൻ മാഷും കുഞ്ഞി കുഞ്ഞി മാഷും പത്മാവതി ടീച്ചറും,ഭാസ്കരൻ മാഷും പലപ്പോഴായി ഞങ്ങളെ പഠിപ്പിച്ചു.ദൂരദേശത്തു നിന്നെത്തി ഇവിടുത്തുകാരനായി മാറിയ ചുരുക്കം പേരിൽ പണിക്കരു മാഷും പാറുക്കുട്ടി ടീച്ചറുമുണ്ടായിരുന്നു. അവർ ദമ്പതിമാരായിരുന്നു.ടീച്ചറുടെ അനിയത്തി ലക്ഷ്മിക്കുട്ടി ടീച്ചറും അവർക്കൊപ്പം താമസിച്ച് ഞങ്ങളെ അക്ഷര ലോകത്തേക്കു നയിച്ചു.

അവിടെ ഹെഡ്മാസ്റ്ററായിരുന്നു പണിക്കരു മാഷ്.അന്നും ഇന്നും അദ്ദേഹത്തിന്റെ പൂർണ്ണമായ പേര് എനിക്കറിയില്ല.അങ്ങനെ അതറിയേണ്ട ആവശ്യം ആർക്കുമുണ്ടായിരുന്നില്ല.

ഞാൻ അന്ന് നാലാം ക്ലാസിൽ പഠിക്കുകയാണ്.പണിക്കരുമാഷ് ആദ്യ പിരീഡ് ക്ലാസിലെത്തി.ഹാജർ വിളിച്ചു തുടങ്ങി.ജോസഫിനെത്തു പറ്റി.മാഷ്

ഞങ്ങളുടെ നേരെ നോക്കി.അവൻ എന്റെ കൂട്ടുകാരനാണ്.ഞായറാഴ്ച വേദപാഠക്ലാസിലും ഞങ്ങൾ ഒന്നിച്ചാണ്.

അവൻ കഞ്ഞിക്കലത്തിൽ കൈയ്യിട്ടിരിക്കയാവും,എന്റെ ഉത്തരം പെട്ടന്നായിരുന്നു.കുട്ടികളെല്ലാം ഉറക്കെച്ചിരിച്ചു.കുഞ്ഞിവായിൽ കൊള്ളാത്ത ഉത്തരം കേട്ടാവും മാഷ് തന്റെ കണ്ണടയ്ക്ക് മുകളിലൂടെ എന്നെയൊന്ന് നോക്കി. നോട്ടത്തിൽ എനിക്ക് പന്തികേടുള്ളതായി തോന്നിയില്ല.എന്നല്ല,മറുപടി കൊടുത്തല്ലോ എന്ന് അഭിമാനിക്കുകയും ചെയ്തിരിക്കാം.

പിന്നെയും കുറേ കഴിഞ്ഞാണ് ജോസഫെത്തിയത്.വാതില്ക്കലെത്തിയ അവനെ മാഷ് ആഗ്യത്തിലൂടെ അടുത്തേക്കു വിളിച്ചു.അവർ തമ്മിൽ നടന്ന സംഭാഷണം ഞങ്ങൾ ശ്രദ്ധിച്ചില്ല.കുറേക്കഴിഞ്ഞ് അവൻ എന്റെ അടുത്തു വന്നിരുന്നു.വീണ്ടും മാഷുടെ കട്ടിക്കണ്ണട നോട്ടം എന്റെ നേർക്ക് പാഞ്ഞു.അകമ്പടിയായി അടുത്തു ചെല്ലാലിമിള്ള ആഗ്യവുമെത്തി.

ജോസഫിന്റെ അച്ഛന് സുഖമില്ലാതെ ജോസഫും അമ്മയും രാത്രി മുഴുവൻ ആശുപത്രിയിലായിരുന്നു.ഇന്ന് രാവിലെ ആശുപത്രിയിൽ നിന്ന് ഇറങ്ങിയപാടേ അവൻ സ്കൂളിലേക്കു പോരുകയായിരുന്നു.അപ്പൻ ആശുപത്രിയിൽ തന്നെയാണുള്ളത്.ഇങ്ങനെയൊക്കെയാണ് മാഷ് പറഞ്ഞതെന്ന് തോന്നുന്നു.അവസാനത്തെ വാക്ക് മുഴുപ്പിക്കും മുൻപ് ചൂരൽ ഒന്നു രണ്ട് തവണ ഉയർന്നതാണ്.എന്റെ കാലിനു പിന്നിൽ,മുട്ടിന് താഴെയായി അടിയുടെ വേദന തിണർന്നു കിടന്നു.ആരെക്കുറിച്ചും കാര്യങ്ങളറിയാതെ ഒന്നും പറയരുത്.പോയിരുന്നോ"..ആശ്വസിപ്പിക്കും വിധം ആവുന്നത്ര ശാന്തമായാദ്ദേഹം അതു പറഞ്ഞത് എന്നു

ഞാനോർക്കുന്നു.

സ്ലേറ്റിൽ മുഖമമർത്തി ഞാനെത്ര നേരം കരഞ്ഞിരിക്കാം. (കരച്ചിലിന് ഞാനൊട്ടും മോശക്കാരിയായിരുന്നില്ല)

എന്നാൽ , എന്റെ കൂട്ടുകാരനെ കുറിച്ച് അരുതാത്തത് പറഞ്ഞ് പോയല്ലോ എന്ന് , പിന്നീടെന്റെ കുഞ്ഞ് മനസ്സ് വേദനിച്ചു.പിറ്റേന്ന് സ്കൂളിലും, ഞായറാഴ്ച പള്ളിയിലും ജോസഫ് വന്നില്ല.

പണിക്കരു മാഷോ മറ്റധ്യപകരോ അതെക്കുറിച്ച് പിന്നിടെന്നോട് അതെക്കുറിച്ച് എന്നോട് ചോദിച്ചില്ല.കൂട്ടുകാരും അതു പറഞ്ഞ് എന്നെ കളിയാക്കിയതുമില്ല.

ഞാനും ശശീന്ദ്രയും, വിമലയും, ജോസഫും, ബാലകൃഷ്ണനും,ശാരദയും പിന്നെ പേരോർമയില്ലാത്ത ഒരുപാട് കൂട്ടുകാരും ചൂതമാമ്പഴത്തിനായ് വീണ്ടും തല്ലുകൂടി.സ്കൂൾ പറമ്പിൽ ഞങ്ങൾ വളച്ച് കെട്ടി സ്വന്തമാക്കിയ സ്ഥലത്ത് 'കഞ്ഞീം കറിയും' വെച്ചു.'മാഷും ടീച്ചറും കുട്ടികളു'മായി നാടകമാടി.

തിരിച്ചറിവിന്റെ കാലത്ത് പിന്നീടെപ്പോഴൊക്കെയോ പണിക്കരു മാഷിന്റെ ആ വാക്കുകൾ എന്റെയുള്ളിലുള്ളിൽ മുഴങ്ങി.-ആരെക്കുറിച്ചും



കാര്യമറിയാതെ ഒന്നും പറയരുത്

ഒരുപാടധ്യാപകർ അതിന് ശേഷവും എന്റെ ജീവിതത്തെ സ്വാധീനിച്ച് കടന്ന്പോയി.

മേപ്പാടി ഗവ. ഹൈസ്കൂളില്‍ എന്റെ കണക്കധ്യാപകനായിരുന്ന -കട്ടിയുള്ള ചൂരലിനടിയില്‍ അതിലും കട്ടിയുള്ള സ്നേഹമൊളിപ്പിച്ച് ഇടയ്ക്കൊക്കെ അതു മറനീക്കി ആവോളം പകർന്നുതന്ന-ജി.ആർ.പി (ജി.രാമചന്ദ്രൻ പിള്ള) സർ,കണക്കിനെ പാൽപായസമാക്കി, ഞങ്ങൾ അധ്യാപകവിദ്യാർഥികൾക്ക് നിറചിരിയോടെ വിളമ്പി തന്ന കണിയാരം ടി.ടി.ഐ.ലെ മേരിട്ടീച്ചർ, വിദ്യാർഥികളിലേക്ക് ഇറങ്ങിച്ചെന്ന് അവരില്‍ മനശാസ്ത്രാഭിമുഖ്യം വളർത്തി, അവരില്‍ പലർക്കും സുഹൃത്തായിമാറിയ തളി ബി.എഡ്. സെന്ററിലെ ശശിധരൻസാർ,....

എന്റെ വ്യക്തി ജീവിതത്തിലും പിൽക്കാലത്ത് എന്റെ അധ്യാപന ജീവിതത്തിലും വിളക്കുതെളിച്ചവർ.......

ഭൂതകാലത്തിന്റെ ഓർമ്മകളെ ഒന്നടുക്കാൻ ശ്രമിച്ചാല്‍, ചിതറിയതെങ്കിലും 'ബാല്യത്തിന്റെ മണ്ണപ്പങ്ങളാവും* ' ആദ്യം കയ്യില്‍തടയുക.

എന്റെ ജീവിതത്തിനുതെളിച്ചവും വെളിച്ചവുമേകിയ ഗുരുക്കന്മാരില്‍, കുഞ്ഞുനാളില്‍ തന്നെ വളരെവലിയ ഒരുതിരിച്ചറിവെന്നിലുണ്ടാക്കിയ പണിക്കരുമാഷെ ഞാനാദ്യം സ്മരിക്കുന്നു.പ്രണമിക്കുന്നു.

**തുടർന്ന് മറ്റെല്ലാ ഗുരുക്കന്മാരെയും ഞാനോർക്കുന്നു ആദരവോടെ.**

സലോമി അഗസ്റ്റിൻ






ലിറ്റിൽ കൈറ്റ് സംഘം

# സഹകരിച്ച ഏവർക്കും നന്ദി